പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കൻററി വിഭാഗം,
ഹൗസിങ്ബോർഡ്
ബിൽഡിംഗ്,
തിരുവനന്തപുരം-1

നംബർ. **ICT Cell/1771/1/DGE-HSE/2024** **01/06/2024**

## സർക്കുലർ

# ഹയർ സെക്കൻഡറി ഏകജാലകപ്രവേശനം 2024

## പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

1. ഹയർസെക്കണ്ടറി ഒന്നാം വർഷപ്രവേശനം ആവശ്യാനുസരുണം സ്കൂളിലെ എല്ലാ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി വേണം ഓരോ അലോട്ട്മെൻറിൻേറയും പ്രവേശനം നടത്തേണ്ടത്. പ്രവേശന പ്രക്രിയയിൽ രക്ഷാകർതൃസമിതി അംഗങ്ങളുടെ സഹകരണവും ഉറപ്പാക്കേണ്ടതാണ്.

2. സ്കൂളിൽ നിലവിലുള്ള ഓരോ കോഴ്സിനും പ്രത്യേകം ക്ലാസ് മുറികളിൽ കുറഞ്ഞത് രണ്ട് അദ്ധ്യാപകരെയെങ്കിലും ഉൾപ്പെടുത്തി അഡ്മിഷൻ ഡെസ്ക് രൂപീകരിച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കണം. സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് എല്ലാ കോഴ്സുകൾക്കുമായി മറ്റൊരു ക്ലാസ്സ് മുറിയിൽ പ്രത്യേകമായി അഡ്മിഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

3. സ്കൂൾ അഡ്മിനിൽ ലഭിക്കുന്ന അലോട്ട്മെൻറ് ലിസ്റ്റിലുള്ള ഫോൺ നമ്പറിലൂടെ അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളേയും ആദ്യ ദിവസം തന്നെ ബന്ധപ്പെട്ട് പ്രവേശനത്തിന് ഹാജരാവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണം.

4. സ്ഥിരാദ്ധ്യാപകരുടെ അഭാവമുള്ള സ്കൂൾ മേലധികാരികൾ അതത് ഹയർസെക്കണ്ടറി മേഖലാ ഉപമേധാവികളുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ വിഭാഗത്തിലെ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ആവശ്യമുണ്ടെങ്കിൽ സമീപത്തെ ഹയർസെക്കണ്ടറി സ്കൂളിലെ ഹയർസെക്കണ്ടറി വിഭാഗം സ്ഥിരാദ്ധ്യാപകരിലെരാളെ അഡ്മിഷൻ ദിവസങ്ങളിൽ ഇത്തരം സ്കൂളിലെ മേലധികാരികളെ സഹായിക്കാനായി ആർ.ഡി.ഡി മാർക്ക് പ്രത്യേക ഉത്തരവിലൂടെ ചുമതലപ്പെടുത്താവുന്നതാണ്. ഹയർസെക്കണ്ടറി മേഖലാ ഉപ മേധാവികൾ ആവശ്യപ്പെടുന്നപക്ഷം ഹൈസ്കൂൾ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സേവനം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ / ജില്ലാവിദ്യാഭ്യാസ ആഫീസർമാർ നൽകേണ്ടതാണ്.

5. ആദ്യ അലോട്ട്മെന്റിൽ പ്രവേശന യോഗ്യത നേടിയവരുടെ അഡ്മിഷൻ **2024 ജൂൺ 5 ന് രാവിലെ 10 മണിക്ക് ആരംഭിച്ച് 2024 ജൂൺ 7 ന് വൈകിട്ട് 5 മണിയ്ക്ക് അവസാനിപ്പിക്കണം.**
6. അതാത് സ്കൂളുകളിലേക്കുള്ള അലോട്ട്മെന്റ് ലിസ്റ്റ് അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യണം. പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് ഈ ലിസ്റ്റിന്റെ പ്രിന്റെടുത്ത് സൂക്ഷിക്കേണ്ടതാണ്.
7. കാൻഡിഡേറ്റ് ലോഗിനിൽ നിന്നും കിട്ടുന്ന രണ്ട് പേജുള്ള അലോട്ട്മെൻറ് ലെറ്ററും യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായാണ് വിദ്യാർത്ഥികൾ പ്രവേശനം നേടാൻ വരുന്നത്. അലോട്ട്മെൻറ് ലെറ്ററിൻെറ ഒന്നാമത്തെ പേജിൽ ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങൾ നൽകി വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പ് വച്ചിരിക്കണം.

8. പ്രവേശനത്തിന് ഹാജരാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ അഡ്മിൻ യൂസറിൽ ലഭ്യമാക്കിയിട്ടുള്ള Print Allotment Letter എന്ന ലിങ്കിലൂടെ അലോട്ട്മെൻറ് ലെറ്ററിൻെറ പ്രിൻറ് എടുത്ത് നൽകേണ്ടതാണ്

9. അലോട്ട്മെന്റ് ലെറ്ററിലെ വിവരങ്ങളുമായി ഒത്തുനോക്കിയ ശേഷം വിദ്യാർത്ഥിയുടെ യോഗ്യത തെളിയിക്കുന്ന വിവരങ്ങളും അനുബന്ധരേഖകളും സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി ,തുടങ്ങിയ സ്കീമുകളിൽ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ( Formal system of education of 10 years with nearly 200 academic days for each class along with Continuous Evaluation and extra-curricular activities) പരീക്ഷ വിജയിച്ചവർക്കും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി ക്ക് തുല്യമായ പരീക്ഷ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതു പരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നത പഠനത്തിന് യോഗ്യത നേടിയിരിക്കണം. ഗ്രേഡിങ് രീതിയിലുള്ള മൂല്യ നിർണയം നിലവിലില്ലാത്ത മറ്റു സ്കീമുകളിൽ പരീക്ഷ എഴുതിയവരുടേയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. മറ്റ് സ്കീമുകളിൽ പെട്ട അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം. (വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടത് അഡ്മിഷൻ കമ്മിറ്റിയുടെ ചുമതലയാണ്).

10. അപേക്ഷകർക്ക് 2024 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധിയിൽ രണ്ട് വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.

11.**യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ലഭ്യമാകാത്ത വിദ്യാർത്ഥികൾക്കു അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ പ്രവേശനത്തിനായി വിദ്യാർത്ഥികൾ സമർപ്പിക്കുന്ന യോഗ്യത തെളിയിക്കുന്ന** ഡിജിലോക്കറിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് / ഓദ്യോഗികവെബ്സൈറ്റിൽ നിന്നും ലഭിച്ച റിസൾട്ടിൻെറ **സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സ്വീകരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ സ്കൂൾ അധികൃതർക്ക് ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസ്തുത റിസൾട്ടിൻെറ സാധുത ഉറപ്പാക്കാവുന്നതാണ്. പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റിൻെറയും സ്വഭാവ സർട്ടിഫിക്കറ്റിൻെറയും അസ്സൽ നിർബന്ധമായും ഹാജരാക്കിയിരിക്കണം.**

12.മാർക്ക്/ഗ്രേഡ്, ബോണസ്സ് പോയിന്റ്, ടൈ ബ്രേക്കിന് പരിഗണിക്കുന്ന ഘടകങ്ങൾ, സാമുദായിക സംവരണ വിവരങ്ങൾ **(പ്രോസ്പക്ടസ് അനുബന്ധം 2 പ്രകാരമാണ് സാമുദായിക സംവരണം പരിഗണിക്കേണ്ടത്.)** എന്നിവ പ്രത്യേകം പരിശോധിക്കണം.

13.ഓരോ വിദ്യാർത്ഥിയുടേയും **ജനനത്തീയതിയും** അപേക്ഷിക്കുന്നതിന് വേണ്ടപ്രായപരിധിയും പ്രത്യേകം പരിശോധിക്കണം.

14.**വിഭിന്ന ശേഷി വിഭാഗത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 40 ശതമാനത്തിൽ കുറയാത്ത ഡിസബിലിറ്റി തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

15.തെറ്റായ വിവരങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചഅലോട്ട്മെന്റുകൾക്ക് ഒരു കാരണവശാലും പ്രവേശനം നൽകരുത്. **വിദ്യാർത്ഥി പത്താംതരം യോഗ്യത നേടിയ സ്കീം,രജിസ്ടർ നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെങ്കിൽ യാതൊരു കാരണവശാലും സ്ഥിര പ്രവേശനമോ/താൽകാലിക പ്രവേശനമോ നൽകരുത്. പത്താം തരത്തിൽ ഗ്രേസ് മാർക്ക് ലഭിച്ചിട്ടുള്ളവർ ബോണസ് പോയിൻറ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് നിരസിക്കേണ്ടതാണ്.(പ്രോസ്പക്ടസ് നിബന്ധന പരിശോധിക്കുക) എന്നാൽ തെറ്റായ വിവരങ്ങൾ അലോട്ട്മെൻറിനെ ബാധിച്ചിട്ടില്ലെങ്കിൽ പ്രവേശനം നൽകാവുന്നതാണ്. ഉദാഹരണമായി ഒരു വിഭാഗത്തിൻെറ പേരും കോഡും തെറ്റായി രേഖപ്പെടുത്തിയെങ്കിലും അലോട്ട്മെൻറ് ജനറൽ കാറ്റഗറിയിൽ ലഭിച്ചാൽ (അലോട്ടഡ് കാറ്റഗറി -ജനറൽ) പ്രവേശനം നൽകാം. സംവരണ വിഭാഗം തെറ്റായി രേഖപ്പെടുത്തിയാൽ യാതൊരു കാരണവശാലും പ്രവേശനം നൽകരുത്. തെറ്റായി ബോണസ് വിവരങ്ങളും ടൈ പോയിൻറ് വിവരങ്ങളും നൽകി അലോട്ട്മെൻറ് ലഭിച്ചവരുടെ ശരിയായ WGPA , ടൈ വാല്യൂ എന്നിവ അതേ ലിസ്റ്റിലെ അതേ അലോട്ടഡ് കാറ്റഗറിയിൽ അവസാനം അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥിയുടേതിനേക്കാൾ കൂടുതലാണെങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാം. എന്നാൽ അതേ**

കാറ്റഗറിയിലെ അവസാന റാങ്കിനേക്കാൾ താഴെയാണെങ്കിൽ ഒരിക്കലും പ്രവേശനം നൽകരുത്. **എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ പ്രിൻസിപ്പാൾ ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കേണ്ടതാണ്.**

16. **പ്രവേശന സമയത്ത് ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധന സംബന്ധിച്ച് :**

വിദ്യാർത്ഥി അഡ്മിഷനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മ പരിശോധന അഡ്മിഷൻ കമ്മറ്റിയിലെ രണ്ട് അംഗങ്ങൾ നടത്തേണ്ടതും അവയുടെ സാധുത ഉറപ്പുവരുത്തേണ്ടതുമാണ്. അലോട്ട്മെൻറ് ലെറ്ററിലെ ഒന്നാം പേജിൽ ആവശ്യപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട വിവരങ്ങൾ രേഖപ്പെടുത്തി അഡ്മിഷൻ കമ്മറ്റിയിലെ രണ്ട് അംഗങ്ങളെ കൂടാതെ HITC യും പ്രിൻസിപ്പാളും ഒപ്പ് വച്ച് വിദ്യാർത്ഥി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

**18.1 സാമുദായിക സംവരണം പരിശോധിക്കുന്നതിന്. SSLC ബുക്കിലെ സമുദായ വിവരങ്ങൾ മതിയാകും. എന്നാൽ SSLC ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

**18.2 SC/ST/OEC വിദ്യാർത്ഥികൾ റവന്യൂ അധികൃതർ നൽകിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം. അനുബന്ധം 3 ൽ ഉൾപ്പെട്ട ഒ.ബി.എച്ച് ലെ വിഭാഗക്കാർ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ ഫീസാനുകൂല്യം ലഭിക്കുകയുള്ളൂ.**

**18.3 തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷമാണെങ്കിൽ ആ വിവരം യോഗ്യതാ സർട്ടിഫിക്കറ്റിൽ / എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മാതൃഭാഷയുടെ (ഒന്നാംഭാഷ) കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലാത്ത പക്ഷം രജിസ്റ്റർ ചെയ്ത തദ്ദേശ ഭാഷാന്യൂനപക്ഷ സംഘടനയുടെ**

സെക്രട്ടറി/ചെയർമാൻ പ്രസ്തുത സംഘടനയുടെ അംഗത്വ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ലെറ്റർഹെഡിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

18.4 സ്ഥിര മേൽവിലാസം ഉൾപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും താലൂക്കിന്റേയും പേരിൽ ബോണസ് പോയിന്റുകൾ ലഭിക്കുന്നവർ **SSLC** ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല.അല്ലാത്ത പക്ഷം റേഷൻ കാർഡോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കണം.

18.5 എൻ.സി.സി ക്ക് 75 ശതമാനം ഹാജരുണ്ടെന്ന എൻ.സി.സി ഡയറക്ടറേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. പുരസ്കാർ ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രം സ്കൗട്ട് വിഭാഗത്തിൽ ബോണസ് പോയിന്റിന് അർഹതയുണ്ടാകും.

18.6 ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിലെ സർവീസിലുള്ള ജവാന്റെ ആശ്രിതർ എന്നുള്ളതിന് പ്രസ്തുത ജവാന്റെ സർവീസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച എക്സ് സർവീസ് ജവാന്റെ ആശ്രിതർ എന്നുള്ളതിന് സൈനിക വെൽഫയർ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം

18.7 സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ***GO(No) No.214/2012/Home dated 04/08/2012*** വിവക്ഷിച്ച മാതിരി **SPC Project Kerala** നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

18.8 ടൈ ബ്രേക്കിന് പോയിന്റ് നൽകുന്ന ഇനങ്ങളിൽ **NTSE,NMMSSE,USS,LSS** ഒഴികെയുള്ളവ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് പങ്കെടുത്തവയായിരിക്കണം. **NTSE** ക്ക്

പോയിൻറ് ലഭിക്കാൻ എട്ടാം ക്ലാസ്സിൽ അല്ലെങ്കിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് SCERT യോ NCERT യോ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

18.9 **LSS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ നിർദ്ദിഷ്ഠ മാതൃകയിൽ എ.ഇ.ഒ നൽകുന്ന സർട്ടിഫിക്കറ്റ് / **LSS** സർട്ടിഫിക്കറ്റ് ഹാജരാക്കണം.

18.10 **USS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ പരീക്ഷാഭവനിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കേണ്ടത്.

18.11 **NMMSS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ റിസൾട്ട് പേജ് ഹാജരാക്കണം.

18.12 എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിനും കോ-കരിക്കുലർ ആക്ടിവിറ്റീസിനും ബന്ധപ്പെട്ട അധികാരികൾ പ്രോസ്പകട്സിലെ അനുബന്ധം 4 മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

18.13 ലിറ്റിൽ കൈറ്റ്സിനുള്ള ബോണസ് പോയിൻറ് ലഭിക്കുന്നതിന് കൈറ്റ് നൽകിയിട്ടുള്ള **A** ഗ്രേഡ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

18.14 മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള **(EWS)** 10% സംവരണ സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് പ്രോസ്പക്ടസിലെ അനുബന്ധം 10 സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 -ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ച് വില്ലേജ് ആഫീസറിൽ നിന്നും **Income & Assets Certificate** ലഭിക്കുന്നവരായിരിക്കണം. **EWS**

**റിസർവേഷന് ആവശ്യമുള്ള Annexure 1 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ Annexure 3 മാതൃകയിലുള്ള Income & Assets Certificate ഹാജരാക്കണം.**

19. ഏകജാലക സംവിധാനത്തിന്റെ പ്രോസ്പെക്ടസ്സിലെ നിർദ്ദേശങ്ങൾ പ്രവേശനപ്രക്രിയ നടത്തുമ്പോൾ സ്കൂൾ പ്രിൻസിപ്പൽമാർ നിർബന്ധമായി പാലിച്ചിരിക്കണം

20 ഉയർന്ന ഓപ്ഷൻ പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് താൽക്കാലിക അഡ്മിഷനാണ് നൽകേണ്ടത്. ഇവരിൽ നിന്നും ഫീസ് ഈടാക്കരുത്. താല്ക്കാലിക പ്രവേശനം നേടുന്നവരുടെയും അസ്സൽ സർട്ടിഫിക്കറ്റുകൾ സ്കൂളിൽ വാങ്ങി സൂക്ഷിക്കണം. ഉയർന്ന ഓപ്ഷൻ ലഭിച്ച് സ്കൂൾ മാറിപ്പോകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളുടെ അസലുകൾ തിരികെ നൽകണം. ഓപ്ഷൻ സംബന്ധിക്കുന്ന വിവരങ്ങൾ അഡ്മിഷൻകമ്മിറ്റി വിദ്യാർത്ഥികളോട് വ്യക്തമായി ചോദിച്ച് മനസ്സിലാക്കണം. ഉയർന്ന ഓപ്ഷൻപ്രതീക്ഷിക്കാതെ അഡ്മിഷൻ സ്ഥിരപ്പെടുത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനുള്ള അപേക്ഷ എഴുതി വാങ്ങണം. ഇത്തരം കുട്ടികളിൽ നിന്നും ഫീസ് വാങ്ങി അഡ്മിഷൻ സ്ഥിരപ്പെടുത്താം.

21 താല്ക്കാലികപ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കാനുള്ള സൗകര്യമുണ്ട്. തെരഞ്ഞെടുത്ത ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുമ്പോൾ ചുരുങ്ങിയത് ഒരു ഉയർന്ന ഓപ്ഷനെങ്കിലുംനിലനിർത്തണം. അല്ലാത്തപക്ഷം അത് സാധാരണ ഹയർ ഓപ്ഷൻ ഡിലീഷൻമാത്രമായിരിക്കും. **ഉയർന്ന ഓപ്ഷനുകൾ പൂർണമായോ ഭാഗികമായോ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്ന് നിശ്ചിത ഫാറത്തിൽ അപേക്ഷ നിർബന്ധമായും എഴുതി വാങ്ങിയിരിക്കണം. ഫാറത്തിന്റെ മാതൃകവെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.**

22 വിദ്യാർത്ഥികളുടെ രേഖാമൂലമുള്ള അനുവാദത്തോടെയല്ലാതെ അവരുടെ ഹയർഓപ്ഷനുകൾ ക്യാൻസൽ ചെയ്യരുത്.

23 ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിർബന്ധമായും അഡ്മിഷൻസ്ഥിരപ്പെടുത്തണം.

24 **ഒന്നാം അലോട്ട്മെൻറ് പ്രകാരമുള്ള അഡ്മിഷൻ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. ആയതിലേക്കുള്ള ലിങ്കുകൾ HITC**

യൂസറിൽ ലഭ്യമാക്കുന്നതാണ്. വിശദനിർദ്ദേശങ്ങൾ പ്രത്യേകമായി നൽകുന്നതാണ്.

25. സംസ്ഥാനത്തെ സർക്കാർ/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള പ്ലസ് വൺ പ്രവേശനസമയത്ത് സ്കൂൾ അധികാരികൾക്ക് വാങ്ങാവുന്ന ഫീസിൻെറ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ സർക്കാർ നിജപ്പെടുത്തിയിട്ടുള്ളതാണ്.

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യൂമാനിറ്റീസ്/ കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1 അഡ്മിഷൻഫീസ് | 50 രൂ | 50 രൂ |
| 2 ലൈബ്രറിഫീസ് | 25 രൂ | 25 രൂ |
| 3 കലണ്ടർഫീസ് | 25 രൂ | 25 രൂ |
| 4 വൈദ്യപരിശോധനാഫീസ് | 25 രൂ | 25 രൂ |
| 5 ഓഡിയോവിഷ്വൽ യൂണിറ്റ് ഫീസ് | 30രൂ | 30 രൂ |
| 6 സ്പോർട്സ്&ഗെയിംസ്ഫീസ് | 75 രൂ | 75 രൂ |
| 7 സ്റ്റേഷനറിഫീസ് | 25 രൂ | 25 രൂ |
| 8 അസോസിയേഷൻഫീസ് | 25 രൂ | 25 രൂ |
| 9 യൂത്ത്ഫെസ്റ്റിവൽഫീസ് | 50 രൂ | 50 രൂ |
| 10 മാഗസിൻഫീസ് | 25 രൂ | 25 രൂ |
| 11കോഷൻ ഡിപ്പോസിറ്റ് | 150 രൂ | 100 രൂ |
| 12 അപേക്ഷാഫീസ് | 25 രൂ | 25 രൂ |
| 13 ലാബറട്ടറിഫീസ് | ലാബറട്ടറിസൗകര്യംആവശ്യമുള്ള വിഷയങ്ങൾക്ക് 50രൂപവിതം | |
| 14 കമ്പ്യൂട്ടർസയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | കമ്പ്യൂട്ടർസൗകര്യംആവശ്യമുള്ള വിഷയങ്ങൾക്ക് 50രൂപവിതം | |

അടക്കേണ്ട ഫീസിനെ സംബന്ധിച്ച വിവരം അലോട്ട്മെൻറ് ലെറ്ററിൽലഭ്യമാണ്. പ്രസ്തുത ഫീസ് മാത്രമേ ഒടുക്കേണ്ടതുള്ളു. **സ്കൂൾഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽനിന്നും ഇവയ്ക്കുള്ള രസീതുകൾചോദിച്ചുവാങ്ങേണ്ടതാണ്. പി.റ്റി. എ. ഫണ്ട്GO(MS)No. 126/2007/Gen.Edn. dated 25.06.2007 എന്ന സർക്കാർഉത്തരവ് പ്രകാരം ശേഖരിച്ച് സംഭാവന നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾനോട്ടീസ്ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.**

26 പ്രവേശന പ്രക്രിയ സംബന്ധിച്ച കാര്യങ്ങളിൽ വീഴ്ചകൾ വരുത്തുന്നവരുടെയും അനധികൃതപ്രവേശനങ്ങൾ, **സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ഫീസുകകളെക്കാൾ ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കു**ന്നവരുടെയും മേൽ **കർശനമായ അച്ചടക്ക** നടപടികൾ കൈക്കൊള്ളു**ന്നതാണ്.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

*പകർപ്പ് :-*
*1) എല്ലാ ഹയർസെക്കണ്ടറി ഉപമേധാവികൾക്കും അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കും.*
*2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കും.*
*3) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കും.*